# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3899
## 31.01.2014-ലെ മറുപടിക്ക്
## ട്രഷറി കമ്പ്യൂട്ടർവൽക്കരണം

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. അൻവർ സാദത്ത് | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി<br>ശ്രീ. കെ.എം. മാണി |
| (എ) | ട്രഷറികൾ കമ്പ്യൂട്ടർവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | സംസ്ഥാനത്തെ മുഴുവൻ ട്രഷറികളും 2004 മുതൽ പൂർണ്ണമായും കമ്പ്യൂട്ടർവത്കൃതമാണ്. മുഴുവൻ ഇടപാടുകളും, അക്കൗണ്ടിംഗും കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ടിട്ടുണ്ട്. കാലാനുസൃതമായ പരിഷ്ക്കരണത്തിന്റെ ഭാഗമായി ഇ-ട്രഷറി, കോർബാങ്കിംഗ്, ഇ-സ്റ്റാമ്പിംഗ്, ഇന്റഗ്രേറ്റഡ് ട്രഷറി മാനേജ്മെന്റ് സിസ്റ്റം (ITMS) തുടങ്ങിയ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) ട്രഷറികളിൽ നിക്ഷിപ്തമായിരിക്കുന്ന പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമായും വേഗതയോടും കൃത്യതയോടും ഇടപാടുകാരിലേക്ക് എത്തിക്കുകയും, സർക്കാരിന്റെ വികസനപ്രവർത്തനങ്ങൾക്ക് ആവശ്യമായ ആസൂത്രണത്തിന് സഹായകരമായ രീതിയിൽ ധനവിനിയോഗത്തിന്റെ കണക്കുകൾ ലഭ്യമാക്കുകയും ചെയ്യുക എന്നുള്ളതാണ് പദ്ധതികളുടെ ലക്ഷ്യം. |
| (സി) | ആരെല്ലാമാണ് പ്രസ്തുത നടപടിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി), ബി.എസ്.എൻ.എൽ, ഐ.റ്റി. മിഷൻ തുടങ്ങിയവയാണ് ട്രഷറി കമ്പ്യൂട്ടറൈസേഷനുമായി സഹകരിക്കുന്നത്. ട്രഷറി |

| | | |
|---|---|---|
| | | കമ്പ്യൂട്ടർവത്ക്കരണത്തിനാവശ്യമായ സോഫ്റ്റ് വെയർ നിർമ്മിച്ചുനൽകുന്നത് കേന്ദ്രസർക്കാർ സ്ഥാപനമായ NIC-യാണ്. ട്രഷറികളെ തമ്മിൽ ബന്ധിപ്പിക്കുന്ന താൽക്കാലിക നെറ്റ്‌വർക്കിംഗ് BSNL മുഖേന നടപ്പിലാക്കിക്കഴിഞ്ഞു. ട്രഷറിയുടെ സെൻട്രൽ സെർവർ സ്റ്റേറ്റ് ഐറ്റിമിഷന്റെ നിയന്ത്രണത്തിലുള്ള ഡേറ്റാ സെന്ററിലാണ് സ്ഥാപിച്ചി രിക്കുന്നത്. |
| (ഡി) | ട്രഷറി കമ്പ്യൂട്ടർവൽക്കരണം മൂലം ജനങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ഡി) ട്രഷറി ഇടപാടുകൾ കൂടുതൽ വേഗത്തിലും സുതാര്യവും ആയി മാറും. കോർബാങ്കിംഗ് ഏർപ്പെടുത്തുന്നതോടുകൂടി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുള്ള വ്യക്തിക്ക് കേരളത്തിലെ ഏതു ട്രഷറിയിൽനിന്നും ഇടപാടുകൾ നടത്തുവാൻ സാധിക്കും. |
| (ഇ) | ആയതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ഇ) ട്രഷറി ആധുനികവത്ക്കരണത്തിന്റെ ഭാഗമായ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ സോഫ്റ്റ്‌വെയർ നിർമ്മാണം പൂർത്തിയായി കഴിഞ്ഞു. BSNL-ലുമായി സഹകരിച്ച് താൽക്കാലിക നെറ്റ്‌വർക്കിംഗ് സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. സ്ഥിരമായ നെറ്റ്‌വർക്കിംഗിനുള്ള നടപടികൾ പുരോഗമിക്കുന്നു. സെൻട്രൽ സെർവർ സ്റ്റേറ്റ് ഡേറ്റാ സെന്ററിൽ സ്ഥാപിച്ചുകഴിഞ്ഞു. |

സെക്ഷൻ ഓഫീസർ